"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോന്നി ബ്ലോക്ക് പഞ്ചായത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത സിൽവത്തോരി കോളനി വൈദ്യുതി വ്യാപനം എന്ന പദ്ധതി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എസി) വകുപ്പ്**

സ.ഉ.(സാധാ) നം.412/2022/LSGD തീയതി,തിരുവനന്തപുരം, 22-02-2022

---

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 23.11.2020 ലെ ഡിപി-2/3257/20/സി.ആർ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോന്നി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത സിൽവത്തോരി കോളനി വൈദ്യുതി വ്യാപനം എന്ന പ്രോജക്ടിന്റെ ചെലവായ 68801/- രൂപ 2008-09 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയത് സാധൂകരിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമവികസന കമ്മീഷണർ പരാമർശം പ്രകാരം കത്ത് ലഭ്യമാക്കുകയുണ്ടായി.

സിൽവത്തോരി കോളനി വൈദ്യുതീകരണം പദ്ധതി സംബന്ധിച്ച് കോന്നി ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗിൽ ചർച്ച ചെയ്യുകയും 30 ഓളം ബി.പി.എൽ കുടുംബങ്ങൾ അധിവസിക്കുന്ന കോളനിയിൽ വൈദ്യുതി ലഭ്യമാക്കണമെന്ന് ഗ്രാമസഭയിൽ നിന്നും ഉയർന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള ഏകമാർഗ്ഗം പ്രസ്തുത പ്രദേശത്തിന്റെ 155 മീറ്റർ അകലെ എസ്റ്റേറ്റ് ഉടമകൾ വലിച്ചിട്ടുള്ള ലൈനിൽ നിന്നും ലൈൻ നീട്ടുക മാത്രമാണ് ഏക പോംവഴി എന്നതിനാലാണ് പ്രസ്തുത പ്രദേശത്ത് ഒറ്റപ്പെട്ട് അധിവസിക്കുന്ന സാധാരണക്കാർക്ക് വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി ബ്ലോക്ക് പ്ലാൻ ഫണ്ടിൽ നിന്നും 68801/- രൂപ വകയിരുത്തി പദ്ധതി ഏറ്റെടുത്തത് എന്നും ഓഡിറ്റിൽ പരാമർശിക്കുന്ന പ്രകാരം എസ്റ്റേറ്റിനകത്തല്ല വൈദ്യുതീകരണം നടത്തിയിട്ടുള്ളതെന്നും പകരം എസ്റ്റേറ്റിന് പുറത്ത് അധിവസിക്കുന്ന ബഹുഭൂരിപക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടിയാണ് പ്രോജക്ട് ഏറ്റെടുത്തതെന്നും, എസ്റ്റേറ്റിന് പുറത്ത് അധിവസിക്കുന്ന ബഹുഭൂരിപക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുമൂലം പ്രയോജനം ലഭിക്കുന്നുണ്ടെന്നതിനാൽ പ്രസ്തുത നടപടിയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നുമാണ് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്റ്റേറ്റിനകത്തല്ല വൈദ്യുതീകരണം നടത്തിയിട്ടുള്ളതെന്നതിനാലും, എസ്റ്റേറ്റിന് പുറത്ത് അധിവസിക്കുന്ന ബഹുഭൂരിപക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത പ്രോജക്ട് ഏറ്റെടുത്തതെന്നതിനാലും, കോന്നി ബ്ലോക്ക് പഞ്ചായത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത സിൽവത്തോരി കോളനി വൈദ്യുതി വ്യാപനം എന്ന

പദ്ധതി, ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങൾ ഇനിയുണ്ടാകാൻ പാടില്ല എന്നും പദ്ധതിമാർഗ്ഗരേഖ വ്യതിചലിക്കുമ്പോൾ മുൻകൂറനുമതി വാങ്ങിയിരിക്കണമെന്നുമുള്ള കർശന നിർദ്ദേശത്തോടെ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
സെക്രട്ടറി, കോന്നി ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്,തിരുവനന്തപുരം
വെബ്&ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ